LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

17 [1105] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടേണ്ട കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) വിവിധ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടേണ്ട കുടിശ്ശികയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) സാധാരണ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) എങ്കിൽ അപ്രകാരമുള്ള ഏത് തീരുമാനവും ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

(ബി) വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

(സി) കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള സത്വര നടപടികൾക്കായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. പൊതുമേഖലാസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വൻ കുടിശ്ശികക്കാരായ ഉപഭോക്താക്കളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള നടപടികൾ തുടർന്നു വരുന്നു.

(ഡി) ആന്റ് (ഇ) ഇപ്പോൾ പരിഗണനയിലില്ല.

ഇലക്ട്രോണിക് മീറ്ററിന്റെ ഉപയോഗം

18 [1106] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷമായി കറന്റ് ചാർജ്ജ് ഇനത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടായ വരുമാനമെത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കറന്റ് ചാർജ്ജ് കൂട്ടാതെ തന്നെ ബോർഡിന്റെ വരുമാനം വർദ്ധിക്കുവാനുണ്ടായ സാഹചര്യം പുതിയ ഇലക്ട്രോണിക് മീറ്ററിന്റെ ഉപയോഗമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ബോർഡ് വാങ്ങുന്ന എല്ലാ മീറ്ററുകളും പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്താറുണ്ടോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.